(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽ ബസ്സുകളുടെ ബോഡി ബിൽഡിംഗ് നടത്തി കൂടുതൽ ആളുകൾക്ക് തൊഴിൽ പ്രദാനം ചെയ്യാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) കെ.എസ്.ആർ.ടി.സി.യുടെ പാപ്പനംകോടുള്ള സെൻട്രൽ വർക്സിൽ ഒരു ബോഡി ബിൽഡിംഗ് യൂണിറ്റുണ്ട്. അവിടെ ബസ് ബോഡികളുടെ നിർമ്മാണം നടന്നുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കെ.എസ്.ആർ.ടി.സി.യുടെ ബോഡി ബിൽഡിംഗ് യൂണിറ്റിൽ ബസ് ബോഡികൾ നിർമ്മിക്കുന്നതിനെക്കാൾ കുറഞ്ഞ ചെലവിലാണ് പുറത്തുള്ള സ്ഥാപനങ്ങൾ ബോഡി നിർമ്മിച്ചു നൽകുന്നത്. ഇതുകാരണം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ബോഡി നിർമ്മിക്കുന്നത് ലാഭകരമല്ല. എങ്കിൽത്തന്നെയും വർക്ക്ഷോപ്പിലെ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് പരമാവധി തൊഴിവാളികളെ ഉപയോഗപ്പെടുത്തി ബസ് ബോഡികൾ പാപ്പനംകോടുള്ള യൂണിറ്റിൽ നിർമ്മിച്ചുവരുന്നു. ഇതര വർക്ക്ഷോപ്പുകളിൽ കൂടുതൽ ആളുകളെ നിയമിച്ച് ബസ് ബോഡികൾ നിർമ്മിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.

## വാഹനങ്ങളിലെ യാത്രാനിരക്ക്

51 [1372] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ്, സ്വകാര്യബസ്, ലോറി, കാർ, ആട്ടോറിക്ഷ എന്നിവയുടെ യാത്രാനിരക്കു വർദ്ധനവ് സംബന്ധിച്ച സർക്കാർ നിലപാട് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം കെ.എസ്.ആർ.ടി.സി. ബസ്സുകളുടെയും മറ്റു ടാക്സി വാഹനങ്ങളുടെയും നിരക്ക് എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും എത്ര ശതമാനം നിരക്കിലാണ് വർദ്ധിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഓട്ടോറിക്ഷ:— 2002-ൽ 3 രൂപ 50 പൈസയിൽനിന്നും 4 രൂപയായി. കിലോമീറ്ററിന് 50 പൈസ വർദ്ധനവ് 14.2%. 2004-ൽ കി.മീ.-ന് 4 രൂപയിൽനിന്നും 4.50 രൂപ വർദ്ധനവുണ്ടായി. =12.5%.

ടാക്സി (പെട്രോൾ):— 2002-ൽ കി.മീ.-ന് 4.50 രൂപയിൽനിന്നും 5 രൂപയായി വർദ്ധനവുണ്ടായി =11%.

LIBRARY ARCHIVES Kerala Legislative Assembly

ടാക്സി (ഡീസൽ):—2002-ൽ കി.മീ.-ന് 4 രൂപയിൽനിന്നും 5 രൂപയായി വർദ്ധനവ് = 25%. 2004-ൽ (പെട്രോൾ & ഡീസൽ) കിലോമീറ്ററിന് 5 രൂപയിൽനിന്നും 6 രൂപയായി വർദ്ധനവ് =20%.

**സ്റ്റേജ് ക്യാരേജ്:**—സർക്കാർ ഉത്തരവ് നമ്പർ 24/01/Tran. തീയതി 28-9-2001 പ്രകാരം താഴെ പറയുന്ന നിരക്കിൽ വർദ്ധനവുണ്ടായി:

| | | |
|---|---|---|
| ഓർഡിനറി | — | 25% |
| ഫാസ്റ്റ് പാസഞ്ചർ | — | 25% |
| സൂപ്പർ ഫാസ്റ്റ് | — | 24% |
| സൂപ്പർ എക്സ്പ്രസ് | — | 24% |
| സൂപ്പർ ഡീലക്സ് | — | 26% |

സർക്കാർ ഉത്തരവ് നമ്പർ 36/04/Tran. തീയതി 15-9-2004 പ്രകാരം ഓർഡിനറി സർവ്വീസുകൾക്കുമാത്രം 20% വർദ്ധനവ് ഏർപ്പെടുത്തി.

## സ്ഥിരയാത്രക്കാർക്ക് സീസൺ ടിക്കറ്റ്

52 [1374] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *കളത്തിൽ അബ്ദുള്ള:*
,, *സി. മോയിൻകുട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സർക്കാർ ജീവനക്കാർക്കും സ്ഥിര യാത്രക്കാർക്കും സീസൺ ടിക്കറ്റ് ഏർപ്പെടുത്താൻ ആലോചനയുണ്ടോ;

(ബി) ഇത് നടപ്പിലാക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ; ഇല്ലെങ്കിൽ ബസ് യാത്രക്കാർക്ക് സീസൺ ടിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ?

*ഉത്തരം*

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## അന്തർ സംസ്ഥാന സർവ്വീസുകൾ

53 [1378] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, *സി. മമ്മൂട്ടി:*
,, *കെ. എൻ. എ. ഖാദർ:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly